# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2024.

## 11/03/2020 ലെ മറുപടിക്ക്

**പ്രാദേശിക വികസന ഫണ്ടിൽ അനുവദിച്ച പ്രപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്**

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ഡോ.ടി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ പ്രാദേശിക വികസന ഫണ്ടിൽ (എസ്.ഡി.എഫ്) അനുവദിച്ചതും എന്നാൽ പല കാരണങ്ങൾകൊണ്ട് ഭരണാനുമതി നൽകാൻ വൈകിയതുമായ പ്രപ്പോസലുകൾക്ക് അതാത് വർഷത്തെ ഫണ്ടിൽ ഉൾപ്പെടുത്തിതന്നെ ഭരണാനുമതി നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ 12/12/2018 ലെ സ.ഉ(അച്ചടി)നം. 194/2018/ധന ഉത്തരവിലെ ഇനം.2 ൽ ഒരു സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവർത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ് എന്ന വ്യവസ്ഥ നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവ് 12/12/2018 മുതലാണ് പ്രാബല്യത്തിലുള്ളത്. ആയതിനാൽ എം.എൽ.എ പ്രത്യേക വികസന നിധിയിൽ നിന്നും നിയോജക മണ്ഡലങ്ങൾക്ക് അനുവദിച്ച തുകയിൽ മുൻ വർഷങ്ങളിലെ ബാക്കി തുക വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിൽ ഇല്ല. മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകാൻ വൈകിയതുമായ പ്രപ്പോസലുകൾക്ക് അതാത് വർഷത്തെ ഫണ്ടിൽ ഉൾപ്പെടുത്തി തന്നെ ഭരണാനുമതി നൽകാവുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച് ബന്ധപ്പെട്ട കളക്ടർമാർക്ക് പ്രത്യേക നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ